മിസ്റ്റർ കെ. ഡബ്ലിയു. മുരളീധരമാരാർ: ഫിഷറീസ്, ഹരിജൻ ക്ഷേമം ഉടനടിക Private Bank കാരിക്ക കൊടുക്കുന്നതിനു പകരം ഒരു സ്റ്റേറ്റ് ബാങ്ക് തുടങ്ങുകയല്ലേ നല്ലത്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഫിഷറീസ്, ഹരിജൻ ക്ഷേമം ഉടനടിക കൊടുക്കുന്നതു കൊണ്ടുള്ള ആവശ്യം സ്റ്റേറ്റ് ബാങ്ക് തുടങ്ങുന്നതുകൊണ്ടു സാധിക്കുമെന്നു വെച്ച് ഈ Constitutional transit stage ൽ വെച്ച് ഇതുവക കാര്യങ്ങൾ ആലോചിക്കുന്നതു ശരിയാണോ? എന്തായാലും ഈ നിർദ്ദേശം ഉപേക്ഷിക്കുന്നില്ല.

Mr. K. Kunhirama Menon *(Cheruthuruthi)*: There are only 12 questions in this paper. There is half an hour more.

Mr. President: What shall we do?

Mr. K. Kunhirama Menon *(Cheruthuruthi)*: Government does not seem to give answers to all the questions.

Mr. C. V. Iyyu *(Kunnamkulam)*: There are no starred questions although the amendments to Standing Orders have been passed.

2. STATEMENT BY THE PRESIDENT ABOUT THE TICKETS ISSUED TO THE VISITORS' GALLERY

Mr. President: The amendment to the Standing Orders with immediate effect relates to the change in the time of the meeting of the Assembly and not all the other amendments. I have just before proceeding, one word to say about our visitors' gallery. In view of the fact that we have not got ample accommodation for the visitors' gallery I request the hon'ble members not to be a bit lavish in issuing chits for getting tickets. According to rules—rules have been rather strict on this matter but these rules have been greatly relaxed in order that the public may have greater access to the proceedings of the Assembly—Rule 8 on this question says that members are requested not to apply for more than one ticket for a day. That is the Rule. But that has been greatly relaxed. So there is no strict limit imposed in spite of the Rule. However, as I said, it will be better if the hon'ble members are not going to be lavish in issuing tickets so that the inconvenience caused to the visitors may be avoided. There is a practice here that tickets issued for a certain day are brought repeatedly on successive days and requested to be renewed. That practice should be discontinued. The ticket issued for a day is for that day only and if that ticket is again to be renewed for a subsequent day again recommendation from a member is required. Each days ticket should be a new ticket. So these things may kindly be borne in mind.

3. VOTING OF DEMANDS FOR GRANTS
I 10. EXCISE

Mr. P. Govinda Menon *(Minister for Finance and Law)*: Sir, under '10. Excise' I pray that Government may be voted a grant of Rs. 1,91,129.

Mr. K. T. Achuthan *(Kodakara)*: I second it.

Mr. President: Now, there are two cut motions on this matter. To-day we have got, Excise, Law and Justice, Accounts and Audit, Jails and Police. A certain limit of time has been allotted to each of these Heads and for Excise 45 minutes have been allotted in case the discussion does not conclude before that. The maximum time is 45 minutes. Now the first cut motion stands in the name of Mr. A. P. Sivaramakrishnan.

CUT MOTION No. 1

മിസ്റ്റർ എ. പി. ശിവരാമകൃഷ്ണൻ: *To reduce the allotment of Rs. 1,91,129 for Excise in Demand No. 10 by Re. 1 (Policy of the Government towards prohibition in Chittur Taluk).*

സർ, ചിറ്റൂർ താലൂക്ക് നാലുഭാഗവും മദ്രാസ് സംസ്ഥാനത്താൽ ചുറ്റപ്പെട്ടുകിടക്കുന്ന ഒരു താലൂക്കാണ്. അവിടത്തെ സ്ഥിതി വളരെ ഗൌരവമുള്ളതാണ്. അതിനുള്ള കാരണം അവിടെയുള്ള പ്രൊഹിബിഷൻ സ്റ്റാഫിന്റെ പ്രവർത്തനസമ്പ്രദായമാണ്. അതിൽ അവരെ അനുമോദിക്കേണ്ടതുണ്ട്. എന്നാൽ അവർക്കു ചില പ്രത്യേക ചുമതലകൾ വന്നു ചേരുന്നുണ്ട്. ചിറ്റൂർ താലൂക്കിനെ ചുറ്റിക്കിടക്കുന്ന മദ്രാസ് സംസ്ഥാനത്തിൽ ചക്കരച്ചെത്തിനു് അവിടത്തെ ഗവർമ്മെണ്ട് അനുവദിച്ചുകൊടുത്തിട്ടുണ്ട്. ഈ സംഗതി ബഹുമാനപ്പെട്ട പ്രധാനമന്ത്രി അവർകളോട് ഞാൻ പറഞ്ഞസമയം ചിറ്റൂർ താലൂക്കിലും അതുപോലെ ചക്കരച്ചെത്തു സഹകരണ അടിസ്ഥാനത്തിന്മേൽ ഏർപ്പെടുത്താമെന്നു പറയുകയുണ്ടായി. അങ്ങിനെ അവിടെ അനുവദിക്കയാണെങ്കിൽ അവിടത്തെ പ്രൊഹിബിഷൻ സ്റ്റാഫിനു പ്രത്യേകം നിഷ്കർഷിക്കേണ്ടതുണ്ട്. ചക്കരച്ചെത്തു് ഏർപ്പെടുത്തിയാൽ ഇ

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. P. Sivaramakrishnan]

പ്പോൾ തൊഴിലില്ലാതെയിരിക്കുന്ന ൫,൦൦൦ തൊഴിലാളികൾക്ക് ആശ്വാസമാണ്. അതു മാത്രമല്ല, അവിടത്തെ സ്റ്റാഫിന്റെ ശക്തി വല്പിപ്പിക്കേണ്ടതുമുണ്ട്. എന്നാൽ ഇപ്പോഴത്തെ Retrenchment അനുസരിച്ച് അവിടത്തെ ഉദ്യോഗസ്ഥന്മാരെ സ്ഥലം മാറ്റുകയും പിരിക്കുകയും മറ്റും ചെയ്തുകൊണ്ടിരിക്കുന്നതു് അവിടത്തെ മദ്യനിരോധനത്തിനു് ഒരു വിജയമാണോ എന്നു ഞാൻ സംശയിക്കുന്നു. കാരണം അവിടത്തെ ആദ്യത്തെ ഒരു കേസു് പ്രോഹിബിഷൻ ഏർപ്പെടുത്തിയ ആദ്യയിൽതന്നെ ഉണ്ടായതു് അവിടത്തെ എക്സൈസു് സബ്ബ് ഇൻസ്പെക്ടർ കടിക്കാൻ മദ്യം ഉപയോഗിച്ചുവെന്നുള്ളതാണു്. ആ കേസിനെ സംബന്ധിച്ചു പിന്നീടൊന്നും അറിഞ്ഞിട്ടില്ല. എന്നാൽ ആ കേസു് ചാർജ്ജുചെയ്ത ഉദ്യോഗസ്ഥൻ അവിടെനിന്നു് ഉദ്യോഗം ഒഴിഞ്ഞുപോകുകയും കടിച്ചുവെന്നു പറയപ്പെട്ടുന്ന ഉദ്യോഗസ്ഥൻ ഇന്നും ഉദ്യോഗം തുടരുന്നതുമുണ്ട്. ഈ നില പ്രോഹിബിഷനെ സഹായിക്കുകയല്ല. അതുകൊണ്ടു് അവിടത്തെ സ്റ്റാഫിനെ ശക്തിപ്പെടുത്തി ചക്കരചെത്തു് ആരംഭിച്ചു് മദ്യനിരോധനംകൊണ്ടു തൊഴിലില്ലാതായിരിക്കുന്ന തൊഴിലാളികൾക്കു തൊഴിലുണ്ടാക്കിക്കൊടുക്കണമെന്നും അങ്ങിനെ മദ്യനിരോധനം വിജയപ്രദമാക്കണമെന്നുമാണു് ഞാൻ പറയുന്നതു്.

മിസ്റ്റർ കെ. എൻ. പച്ചയപ്പ കവുണ്ടർ: പ്രസിഡണ്ടു്, സർ, കൊച്ചി സംസ്ഥാനത്തിൽ ചിറ്റൂർ താലൂക്കാവിൽ നടപ്പാക്കിയിരുക്കും മദ്യ വിലക്കത്തിൻവിഷയമാക ഒൻറു ഇരണ്ടു കാരിയങ്കൾ ഇന്ത സഭൈയിൽ അറിവിക്ക നാൻ വിരുമ്പുകിറേൻ.

മകാത്മാ കാന്തിയടികളിൻ തിട്ടങ്കളിൽ മദ്യ വിലക്ക തിട്ടമും ഒരു മുക്കിയമാന തിട്ടം. അതൈയാൽ മദ്യ വിലക്ക പൂർണമാക നടൈപെറവേണ്ടിയതിൽ ചില കവർമെണ്ടുകളും യത്തിനംചെയ്യവരുവതുമുണ്ടു. അപ്പിതത്തിലുള്ള ഒരു പരിപാടി കൊച്ചി കവർമെണ്ടാരും അനുകൂലിച്ചു, മുതൽമൈയാക ഇന്ത പിറജാമണ്ടലം പാർട്ടിയിനുടൈയ മുയർച്ചിയാൽ ചിറ്റൂർ താലൂക്കാവിൽ മുതൽമുതൽ ഏർപ്പെടുത്തവും ചെയ്തിരുക്കിറതു. അതു വിഷയത്തിൽ നാൻ പിറജാമണ്ടലം പാർട്ടിയാരുക്കു എനതു മനമാർന്ത വന്തനത്തൈ കൂറുകിറേൻ. ഇനി മദ്യവിലക്കിൻ വിഷയമാക എടുക്കപ്പുടിന നടപടികളൈപ്പറ്റിയും, അതിൻപലൻകളൈപ്പറ്റിയും ചില ചങ്കതികൾ എനക്കു മുക്കിയമാക ചൊല്ലവേണ്ടിയിരുക്കിറതു.

മലപാറിൽ കോയമ്പത്തൂരിലും, പൊള്ളാച്ചി മുതലിയ തേചങ്കളിലും ഇപ്പൊഴതു മദ്യപാനം, മദ്യ വിവചായം കിടൈയാതു. മതിരാചി കവർമെണ്ടിലിരുന്തും അവ്വിടങ്കളിൽ മദ്യ വിലക്കു ഏർപ്പാടുകൾ നടപ്പാക്കിയിരുക്കിറതു. അപ്പടിയിരുക്ക അതിൻപക്കത്തുതേചമാകിയ ചിറ്റൂർതാലൂകാവിൽ മദ്യ വിലക്കു ഏർപ്പെടുത്തിനതു ഞായം എൻറേ ചൊല്ലുകിറേൻ.

പിറജാമണ്ഡലംപാട്ടിയും, ഇതര പാർട്ടിയാർകളും പിറജാമണ്ടലം "അഡ്മിനിസ്ട്രേഷനുക്കാകഎന്ന വേലൈകൾ ചെയ്തിരുക്കിറാർകൾ" എൻറു കേട്ടതൈ നാനും കേൾവിപ്പട്ടേൻ.

മകാത്മാകാന്തിയവർകളിൻ പരിപാടികളിൽ മദ്യ വിലക്കു ഒരു മുക്കിയമാൻ കാരിയമെൻറേ എനക്കു ചെല്ലമുടിയും. അപ്പടിപ്പുട്ട ഒരു അതിപിരതാനമാന കാരിയം ഇന്ത പിറജാമണ്ടലം അധികാരത്തുക്കു വന്തതും ചിറ്റൂർ താലൂകാവിൽ ഏർപ്പെടുത്തിയിരുക്കിറാർകൾ. അതേ അവർകൾ ചെയ്ത ഒരു പെരിയ കാരിയമാകും. അപ്പടി ചിറ്റൂരിൽ മദ്യ വിലക്കു വരാവിട്ടാൽ അയല്പൂർകളാന കോയമ്പത്തൂർ, പൊള്ളാച്ചി പക്കങ്കളിലുള്ളവർ കൊച്ചിരാച്ചിയത്തിൻ അതിരാകിയ ചിറ്റൂരിൽ വന്തു മദ്യപാനം ചെയ്തു അടിപിടികൾ, അക്രമങ്കൾ നടക്ക കാരണമായിരുക്കും. അതക്കു ഇടൈയില്ലാതപടി ചെയ്തതേ അവർകൾ നൻറിക്കു അർഹരായിരുക്കിറാർകൾ.

ആനാൽ എനക്കുമുൻ പേചിന നൺപർ ചൊന്നപടി മുതൽമൈയാക ചിറ്റൂരിൽ പ്രോഹിബിഷൻ വന്തു അതിക നാൾകളുക്കുമുൻ അവിടത്തിൽ പ്രൊഹിബിഷൻ ആപ്പീസർ വേലൈയായിരുന്ത ഹൈതർ അലിഖാൻ എങ്കിറ മുസ്ലിം നൺപർ അന്ത ഊർ എക്സൈസ് സബ്ബ് ഇൻസ്പെക്ടർ മദ്യപാനംചെയ്തു കൂടി വെറിയാൽ ആട്ടം ആടുവതും പാട്ടുവതും പാത്തു അവരുടൈയ വീട്ടുക്കുംപോയിപരിചോതിത്തു എതോ ചില പിരാണ്ടി കുപ്പികളൈ, ചാരായക്കുപ്പികളൈ കണ്ടെടുക്കവും ചെയ്താർ. അപ്പിതം ചെയ്ത ശ്രീമാൻ ഹൈതർ അലിഖാൻ എൻകിറ മുസ്ലിം നൺപരൈ വേലൈയിലിരുന്തും മാറ്റിവിടവും ചെയ്തിരുക്കിറാർകൾ. അന്തമാതിരി അവരുടൈയ വേലൈയൈവിട്ടു അവരൈ ഒഴിപ്പിത്തതുക്കു കാരണം റിടേഞ്ചുമെണ്ടിനുടൈയ യപ്പേരിൽ ചെയ്തതാക വെളിയിടവും ചെയ്തിരുക്കിറാർകൾ. ഒരു വിതമാന

LIBRARY ARCHIVES Kerala Legislative Assembly

കുറെങ്കിലും അവരുടെയെ വേലയെയിൽഅവർചെയ്യതാകക്കുടയാരും കേറിവിടപ്പെട്ടതിലെ അപ്പീതംഉള്ള ഒരു ആളെ വേലെയിലിരുത്തും പിരിത്തു വെക വിചനിക്കത്തക്കതുതാൻ. ഏഴെ എൻറം പണക്കാറർ എൻറം ഉള്ള വിത്തിയാചംപാരാമൽ ചത്തിയമാകവും, ചാമത്തിയമാകവും വേലെ ചെയ്യുടിനവർകളിൽ ഒരുവർ ഇവരും എൻകിറതു എനക്കും ചൊന്ത അറിവുണ്ട്. ആനാൽ ഞായവും ചത്തിയവും മരിയാതെയും ആക വേലെ ചെയ്യ, പണം വാങ്കാതപടിക്കുള്ളവർകഠം ഉത്യോകസ്ഥരാകയിരുപ്പവരിൽ അതികമില്ലെ. ഏതാ ചിലപേർകഠം മട്ടംതാൻ അപ്പടിപ്പെട്ട അരുമൈയാക വേലെ ചെയ്പവർകളാക നമക്ക പാർക്കമുടിയും. അവരിൽ ഒരുവർ ഇവർ. അതിനാൽ അപ്പടിപ്പെട്ടവർകഠംപേരിൽ മാത്തിരം ചട്ടങ്കഠം മട്ടും കവനമാക്കിക്കൊണ്ട ഇവ്വിതം വേലെയില്ലാമലാക്കി പിരിത്തുവിടുവതു നല്ലതല്ല എൻകിറ ചങ്കതി നാൻ ഇന്ത മന്തരി ചപയെയും, കവർമെണ്ടാരെയും തെരുവിത്തു കൊള്ളകിറേൻ.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, ചിറവർതാലൂക്കിൽ എർപ്പെടുത്തിയ മദ്യവജ്ജനം വിജയപ്രദമായി നടക്കുന്നുണ്ടെന്നു് അവിടെനിന്നു വരുന്ന ഒരു ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞുകേട്ടതിൽ സന്തോഷമുണ്ടു്. അവിടത്തെ മദ്യവജ്ജനം നടത്താനുള്ള ഉദ്യോഗസ്ഥന്മാക്ക അനുദ്യോഗസ്ഥന്മാരിൽനിന്നു അസുലഭമായ ഒരു സാക്ഷിപത്രം കിട്ടിയതിൽ എനിക്ക ആ സ്റ്റാഫിനേയും അനുമോദിക്കേണ്ടതുണ്ടു്. പ്രസംഗവേളയിൽ രണ്ടു സംഗതികളാണു് ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞതു്. ഫ. ചക്കരയുണ്ടാക്കാനുള്ള കുടിൽവ്യവസായം സഹകരണസംഘംവഴി പ്രോത്സാഹിപ്പിക്കണമെന്നു്. അതിനെപ്പററി ബഹുമാനപ്പെട്ട പ്രധാനമന്ത്രി ചിറവൂർ സന്ദർശിച്ചപ്പോൾ ആലോചിക്കാമെന്നു് ഉറപ്പുകൊടുത്തിരുന്നുവെന്നും ബഹുമാനപ്പെട്ട മെമ്പർ പറയുന്നുണ്ടു്. തീർച്ചയായും ആ പ്രശ്നം ഗവർമ്മെണ്ടിന്റെ ശ്രദ്ധയിൽ പെടുന്നതാണു്. മദ്യവജ്ജനം തുടങ്ങിയകാലത്തു്, മദ്യവജ്ജനം നടപ്പാക്കാൻ ചുമതലപ്പെട്ട ഏതോ ഒരുദ്യോഗസ്ഥൻതന്നെ ആ നിയമം ലംഘിച്ചുവെന്നു് ഇവിടെ പ്രസ്താവിച്ചു. ഇതിനെപ്പററി ഞാൻ ഇതിനുമുമ്പു കേട്ടിട്ടില്ല. ഇപ്പോൾ ഇവിടെ പറഞ്ഞ സ്ഥിതിക്കു് അതിന്റെ സംഗതി എന്താണെന്നു് അന്വേഷിച്ചറിഞ്ഞു് വേണ്ടതു് ചെയ്യുന്നതാണു്.

മിസ്റ്റർ എ. പി. ശിവരാമകൃഷ്ണൻ: ഞാൻ ഉപക്ഷേപം പിൻവലിക്കുന്നു.

Motion, by leave, withdrawn

CUT MOTION No 2.

മിസ്റ്റർ കെ. ഐ. വേലായുധൻ: *To reduce the allotment of Rs. 1,91,129 for "Excise" in Demand No. 10 by Re. 1. (To discuss the necessity of farming out the right to conduct the green arracanut (പച്ചടക്ക) market at pazhanji and other places in Thalappally Taluk to the highest bidder on the responsibility of Government and thereby increasing the Revenue under Market and faires).*

സർ, ബാക്കിയുള്ള താലൂക്കുകാരെ അപേക്ഷിച്ചു് തലപ്പിള്ളിതാലൂക്കിൽ വിശിഷ്യ പഴഞ്ഞിയിലാണു് അടയ്ക്കകൃഷി കൂടുതലുള്ളതു്. പക്ഷെ ഇങ്ങിനെ കൃഷിചെയ്യുണ്ടാക്കുന്ന അടക്കയ്ക്കു ശരിയായ വില ആ കൃഷിക്കാക്ക കിട്ടുന്നുണ്ടോ എന്നാണു് ചിന്തിക്കാനുള്ളതു്. ഇതിന്റെയെല്ലാം വില്പന സാധാരണയായി നടക്കുന്നതു് അങ്ങാടിയിലായിരിക്കും. ഉദാഹരണത്തിനു് പഴഞ്ഞിതന്നെ എടുത്താൽ അവിടെ ആരോ, ഏഴോ സ്ഥലത്തായിട്ടാണു് അടക്കക്കച്ചവടം നടത്തുന്നതു്. വൈകുന്നേരം ൪ മണിമുതൽ ൬ മണിവരെയാണു് ഈ കച്ചവടം നടക്കുന്നതു്. ൪ മുതൽ ൬ മണിവരെ നാനാഭാഗങ്ങളിൽനിന്നും കൃഷിക്കാർ ചന്തയിലേക്കു് അടക്ക കൊണ്ടുവരും. ആ ചന്തകഠം ചില പ്രത്യേക വ്യക്തികളുടേതായിരിക്കും, അല്ലെങ്കിൽ അവരാൽ നടത്തപ്പെടുന്നവയായിരിക്കും. അവക്കു് ഗവമ്മെണ്ടിലേക്കു് എഴുപതോ എൺപതോ രൂപ കൊടുത്താൽ ലൈസൻസു കിട്ടും. ഇങ്ങനെയുള്ള ചന്തകഠം പഴഞ്ഞിയങ്ങാടിയിൽ ആരോ ഏഴോ ഉണ്ടെന്നു ഞാൻ മുൻപു പ്രസ്താവിച്ചുവല്ലൊ. അങ്ങിനെയുള്ള ഏതെങ്കിലും ഒരു ചന്തയിൽ കൃഷിക്കാർ അടക്ക കൊണ്ടുവന്നാൽ അവിടെനിന്നു് അതു മറൊരു ചന്തയിലേക്കു് കൊണ്ടുപോകാൻ കച്ചവടക്കാരൻ സമ്മതിക്കയില്ല; അങ്ങിനെ ഒരു സമ്പ്രദായവുമില്ല. അടുത്തുള്ള ചന്തയിൽ അടക്കക്കു് വില കൂടുതലുണ്ടെങ്കിൽ അവിടെ കൊണ്ടുപോയി വില്ക്കാൻ ഇന്നത്തെ നിലയിൽ സൗകര്യമില്ല. കാരണം അവർ അടക്ക കൊണ്ടുപോയി ഇറക്കിയാൽ ചില പ്രത്യേക വ്യവസ്ഥകളെല്ലാം ചെയ്തീക്കാനുണ്ടു്. കച്ചവടക്കാരൻ അക്രമപരമായ നിലയിൽ പല പിരിവുകളും നടത്തുന്നുണ്ടു്. ഗവമ്മെണ്ടിന്റെ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. I. Velayudhan]

ശ്രദ്ധ ഇക്കാര്യത്തിൽ പതിഞ്ഞുകാണുന്നില്ല. നോട്ടവട്ടം, അമ്പലവാരൽ, പള്ളിവാരൽ, വാരൽ ഇങ്ങനെ പലതരത്തിലുള്ള വാരലുകളും ഈ കച്ചവടക്കാർ നടത്തുന്നുണ്ട്. നോട്ടവട്ടം എന്നു പറയുന്നതു് ഒരു ശ്രുപക്കു് അടക്കവിറ്റാൽ അരയണവീതം പിരിച്ചെടുക്കും. ഏരുമപ്പെട്ടി മുതലായ സ്ഥലങ്ങളിൽ ഒരണ, ഒന്നരയണ പ്രകാരവും എടുക്കുന്നുണ്ടത്രെ! പിന്നെ കൊട്ടപ്പലം എടുക്കുന്ന ഒരു സമ്പ്രദായമുണ്ടു്. ഇതു് അടക്ക തൂക്കുന്ന കൊട്ടയുടെ തൂക്കത്തിനുള്ളതു അടക്ക എടുക്കലാണുപോലും; ഇതിനും പുറമെ മെച്ചഫലം, കോരൽ മുതലായ അക്രമപ്രവർത്തനങ്ങളും ഇന്നു് ഒട്ടും അപൂർവ്വമല്ല. ഇതിനെസംബന്ധിച്ചു് എത്രതന്നെ ആവലാതികളും ആക്ഷേപങ്ങളും ഉണ്ടായിട്ടും യാതൊന്നുതന്നെ ഗവൺമെണ്ടു് ചെയ്യുകാണുന്നില്ല ഇങ്ങനെനോക്കിയാൽ കൃഷിക്കാർക്കു് വളരെ ദുരന്തദുരിതങ്ങളും കഷ്ടതകളും ഈ കന്തയിൽനിന്നു് അനുഭവിക്കേണ്ടിവരുന്നുണ്ടു്. ഇതിന്റെയെല്ലാം പരിണതഫലം കൃഷിക്കാരൻ കച്ചവടക്കാരന്റെ കുതന്ത്രത്തിനു വിധേയനാകുന്നുവെന്നുള്ളതാണു്. ഗവൺമെണ്ടിനു ലൈസൻസു് ഫീസു് കിട്ടണമെന്നല്ലാതെ യാതൊരുവിധത്തിലുമുള്ള പരിശോധനയോ മറ്റൊ കച്ചവടംനടക്കുന്ന സ്ഥലങ്ങളിൽ ചെയ്യുകാണുന്നില്ല. കൃഷിക്കാരന്റെ കഷ്ടതകളും പരിഹരിക്കണമെന്ന ഉദ്ദേശവുമില്ലെന്നാണു് തോന്നുന്നതു്. മാതൃകാപരമായ വിധത്തിൽ അടക്കചന്ത ഇവിടെ വേണമെങ്കിൽ അക്കാര്യം ഗവൺമെണ്ടുതന്നെ നേരിട്ടു ഏറ്റു നടത്തേണ്ടിയിരിക്കുന്നു. ഗവൺമെണ്ടു് അതു് നേരിട്ടു ലേലംചെയ്യുക. ഗവൺമെണ്ടു് നേരിട്ടു് യാതൊരു നിയന്ത്രണവും ചെയ്യാത്തതുകൊണ്ടാണു് വളരെ സങ്കടങ്ങളും അടക്കകൃഷിക്കാർക്കു് ഇന്നു അനുഭവിക്കേണ്ടിവരുന്നതു്. ഗവൺമെണ്ടു് ചന്തകൾ ഏർപ്പാടുചെയ്തു് അതു് ലേലംചെയ്യുകയാണെങ്കിൽ ഇന്നു ഗവൺമെണ്ടിനു പഴഞ്ഞിയിൽനിന്നുതന്നെ കൊല്ലത്തിൽ ൪,൦൦൦ ഉറുപ്പിക കിട്ടുന്നതാണു്. അങ്ങിനെ തലപ്പിള്ളിത്താലൂക്കു് മൊത്തത്തിൽ എടുക്കുകയാണെങ്കിൽ ഗവൺമെണ്ടിനു് വലിയൊരു സംഖ്യ ഈ ഇനത്തിൽ ലാഭംകിട്ടുന്നതാണു്. അതുകൊണ്ടു് കൃഷിക്കാർക്കു് അവരുടെ ഉല്പാദനങ്ങൾക്കു ശരിയായ വില കിട്ടുന്നതുമാണു്. ഇടത്തട്ടുകാരായ കച്ചവടക്കാരിൽ നിന്നു് കൃഷിക്കാരെ രക്ഷിക്കാൻ ഏറ്റവും നല്ല വഴി ഇതൊന്നുമാത്രമാണു്. അതുകൊണ്ടു് ഗവൺമെണ്ടു് തലപ്പിള്ളി താലൂക്കിൽ അടക്കചന്തകൾ ഏർപ്പാടുചെയ്തു അതു് ലേലം ചെയ്തുകൊടുക്കുന്ന സമ്പ്രദായം ഉടനടി ഏർപ്പെടുത്തി കൃഷിക്കാരുടെ സങ്കടത്തിനു് നിവാരണമുണ്ടാക്കണമെന്നും അതുകൊണ്ടു് ഗവൺമെണ്ടിനു് ലാഭമുണ്ടെന്നും ബോധിപ്പിച്ചുകൊണ്ടു് ഞാൻ ഈ ഉപക്ഷേപം സഭമുമ്പാകെ അവതരിപ്പിക്കുന്നു.

മിസ്റ്റർ ഏ. ഈച്ചരമേനോൻ: സർ, ഇവിടെ മിസ്റ്റർ വേലായുധൻ പ്രസംഗിച്ചപ്പോൾ പലരും ചിരിച്ചു. എന്നാൽ ഇതു പുത്തനല്ല. ഓട്ടപാറ ചന്തക്കായ്ം വന്നപ്പോൾ മിസ്റ്റർ എഴത്തച്ഛൻ രസകരമായ പലതും പറഞ്ഞതിൽ പെട്ടതാണു്. ഇപ്പോൾ ലൈസൻസുപ്രകാരമാണു് അടക്ക മേടിക്കുന്നതു്. ലൈസൻസിക്കു് അതായതു്. കച്ചവടക്കാരനു അടക്ക കൊണ്ടുപോയി കൊടുത്തുകൊള്ളണമെന്നില്ല. കച്ചവടക്കാരൻ വിട്ടുന്നില്ലെന്നു പറഞ്ഞു. അതാണു് വിടാതിരിക്കുന്നതു്? അടക്ക കൊണ്ടുപോകുന്നവനു ഇഷ്ടമുണ്ടെങ്കിലല്ലേ വില്ക്കുകയുള്ളു. ഇപ്പോൾ സാധുക്കളാണു് ഈ അടക്ക നാട്ടിൻപുറങ്ങളിൽനിന്നു് മേടിച്ചുകൊണ്ടുവന്നു് ചന്തയിൽ വില്ക്കുന്നതു്. സാധുക്കൾക്കു ഈ സഹായം വേണ്ടാ എന്നാണു് കരുതുന്നതെങ്കിൽ ഗവൺമെണ്ടുതന്നെ ചന്തഏർപ്പാടു് ചെയ്യുന്നതുകൊണ്ടു് വിരോധമില്ല. അങ്ങിനെ ചെയ്യുതിന്റെ അനുഭവം നമ്മൾ ഓട്ടപാറയിൽ കണ്ടതാണു്. ഗവൺമെണ്ടു് ഒരു ചന്ത ഏർപ്പെടുത്തുകയാണെങ്കിൽ ചന്തക്കാരൻ പറയുന്നതുപോലെ ഒക്കെ അടക്കക്കാരൻ കേൾക്കേണ്ടിവരും. അതുകൊണ്ടിതു് സമ്മതിക്കാൻ പാടില്ല.

മിസ്റ്റർ സി. വി. ഇയ്യു: സർ, ഞാൻ ഒരു അടക്കകൃഷിക്കാരനാണു്. കൃഷിക്കാർ നേരിട്ടു് അടക്ക വലിച്ചു് പഴഞ്ഞിയിലോ മറ്റൊ കൊണ്ടുപോയി വില്ക്കാറില്ല. ഒന്നോ രണ്ടോ കവുങ്കുകൾമാത്രം ഉള്ളവനാണെങ്കിൽ അങ്ങാടിയിൽ കൊണ്ടുപോയി വില്ക്കുമായിരിക്കുമെന്നല്ലാതെ കൂടുതൽ അടക്കയുള്ള കൃഷിക്കാർ നേരിട്ടു കൊണ്ടുപോയി വില്ക്കാറില്ല. മുമ്പു് ഈ അടക്ക കേച്ചേരി, പഴഞ്ഞി, മരത്തങ്കോടു്, ചാലിശ്ശേരി മുതലായ ചന്തകളിലും അതിനുപുറമെ ബ്രിട്ടീഷിലും കൊണ്ടുപോയി വിറ്റിരുന്നു. സെൻട്രൽ ഗവൺമെണ്ടിന്റെ എക്സൈസു് ഡ്യൂട്ടി വന്നപ്പോൾ ഇവിടെനിന്നു മലബാറിലെ മാർക്കറ്റുകളിലേക്കോ അവിടെനിന്നിങ്ങോട്ടോ കൊണ്ടുപോരാനും പാടില്ലാതെയായി. ആ ഡ്യൂട്ടി എടുത്തുകളഞ്ഞതിൻശേഷം ഇപ്പോൾ വീണ്ടും അങ്ങിനെ കച്ചവടം നടത്തുന്നുണ്ടു്. പഴഞ്ഞിയിൽ വിലകുറവാണെങ്കിൽ വില കൂടുതലുള്ള മറ്റൊരു ചന്തയിൽ കൊണ്ടുപോയി വില്ക്കും. അങ്ങി

LIBRARY ARCHIVES Kerala Legislative Assembly

നെ വില്ക്കുന്നതിനുള്ള സ്വാതന്ത്ര്യം കൃഷിക്കാർക്കും കച്ചവടക്കാർക്കും ഉണ്ട്. പിന്നെ "തരകു" പിരിക്കൽ അതു് ഗവമ്മെണ്ടു് നിശ്ചയിച്ചതുപോലെയാണോ എന്നറിഞ്ഞുകൂടാ. അതു് പഴഞ്ഞിയിൽ മാത്രമല്ല, എല്ലാ ചന്തകളിലുമുണ്ടു്. അതു് തൃശ്ശിവപേരൂരിലുമുണ്ടു്. ഇതു് കർശനമായ നടപടിയെടുത്തു് നിന്തേണ്ടതാണു്. എത്രമപ്പെട്ടിയിൽ ¼ ണ. തരകു ണ്ടെന്നും പഴഞ്ഞിയിൽ ½ ണ.യേ ഉള്ളുവെന്നും അവതാരകൻ പറയുകയുണ്ടായി. ഇതൊക്കെ പിരിക്കുന്നതു് ചന്തക്കാരനല്ല. കൂടിൽവ്യവസായം നടത്താനുള്ള സൌകര്യം ഇല്ലാത്ത ആളുകളാണു് അടക്ക വില്ക്കുന്നതു്. കൂടിൽവ്യവസായം നടത്തുന്ന വീട്ടുകാർ ഏകദേശം ൩, ൦ ൦൦ വീട്ടുകാരുണ്ടു്. അവർക്കു് കാപ്പിറ്റൽ ഇല്ലാത്തതുകൊണ്ടു് രൂപ കടം കൊടുക്കുന്നവരിൽനിന്നു് അവർ പണം അക്രമപലിശക്കു് മേടിക്കും. അതിനു് ചില നോട്ടവട്ടങ്ങളുണ്ടു്. പിന്നെ ഇപ്പോൾ "വാരൽ" ഉണ്ടെന്നു് തോന്നുന്നില്ല. അതു് പച്ചടക്കയിൽ നിന്നല്ല കളിയടക്കയിൽ നിന്നാണു് വരുന്നതു്. പള്ളിക്കു് മുമ്പു് "വാരൽ" പിരിച്ചിരുന്നു. ഇപ്പോൾ അങ്ങിനെയുണ്ടെന്നു തോന്നുന്നില്ല. പിന്നെ അവിടെ ൩ ചന്തകളുണ്ടെന്നു് പറഞ്ഞു. പുതിയ ചന്തക്കുള്ള അപേക്ഷക്കാർക്കു് ലൈസൻസു് കൊടുക്കുന്ന അധികൃതന്മാർ വേണ്ടപോലെ സൌഹാർദ്ദമായി ചെയ്യുന്നുണ്ടെന്നു തോന്നുന്നില്ല. അപേക്ഷകർക്കൊക്കെ ലൈസൻസു് കൊടുത്താൽ Competition ഉണ്ടാകുന്നതാണു്. ഗവമ്മെണ്ടു് ചന്ത നടത്തിയാലും ഇല്ലെങ്കിലും ലൈസൻസിക്കു് കർശനമായ നിർദ്ദേശങ്ങളും കൊടുക്കണം, അതാണാവശ്യം. ചില മാർക്കറ്റിൽനിന്നു് ൫ ൦ ൦ രൂപ കൊടുത്തിരുന്നു. ഓട്ടപാറയിൽനിന്നു് ൨, ൦ ൦ ൦ രൂപ പിരിക്കുന്നുണ്ടെന്നാണു് തോന്നുന്നതു്. ഗവമ്മെണ്ടിന്റെ കർശനം അനുസരിച്ചു് പിരിക്കുന്നുണ്ടു്. വേണ്ടിവന്നാൽ ഗവമ്മെണ്ടുതന്നെ മാർക്കറ്റു് ഉണ്ടാക്കുന്നതിലും വിരോധമില്ല. ഏതായാലും കർശനമായ നിയമം വേണം; വേണ്ടതു് കോ-ഓപ്പറേറ്റീവു് ബേസിസ്സിൽ (Co-operative basis) അടക്ക ക്രയവിക്രയം നടത്തുകയാണു്. മിസ്റ്റർ കെ. നാരായണമേനോൻ രജിസ്ട്രാരായിരുന്ന കാലത്തു് ചില കാര്യങ്ങളെല്ലാം ഇതിനുവേണ്ടി ചെയ്തിരുന്നു. അദ്ദേഹം പോയതോടുകൂടി അതു് നിന്ത്വിക്കുകയാണുണ്ടായതു്. ഇതിനു് ചില നിബന്ധനകളൊല്ലാം ചെയ്താൽ കൃഷിക്കാരുടെ ഈവക വിഷമങ്ങളൊക്കെ പോകും. ഈ സംഗതിയിൽ ഏറ്റവും പ്രധാനമായി വേണ്ടതു് അടക്കകൃഷിക്കാരെ സംഘടിപ്പിക്കയാണു്. രാഷ്ട്രീയപ്രവർത്തകന്മാർ മറ്റു ചില രാജ്യങ്ങളിൽ ചെയ്തിട്ടുള്ളതുപോലെ ഇവിടെയും അടക്ക കൃഷിക്കാരെ സംഘടിപ്പിക്കാൻ ശ്രമിക്കേണ്ടതാണു്. Co-operative Society കൂടി തുടങ്ങുകയാണെങ്കിൽ നന്നായിരിക്കും. അതിനെപ്പറ്റി Co-operative Department ആയി ആലോചിച്ചാൽ വേണ്ടില്ല. ഗവമ്മെണ്ടു് അതിനു വേണ്ട എല്പ്പാടുകൂടി ചെയ്യണം. അതുകൊണ്ടു് ഈ ഉപക്ഷേപത്തിൽ പറയുന്ന വാദങ്ങളിൽ സ്വീകരിക്കപ്പെടാവുന്നതു് ഗവമ്മെണ്ടു് സ്വീകരിക്കേണ്ടതാണു്. അല്ലാത്തതിനെ ഞാൻ എതിർക്കുന്നു.

Mr. C. A. Ouseph (*Minister for Education and Public Health*): Sir, without committing the Government to any definite view upon this matter, I desire to make some clarifications on the issues involved in the cut motion moved by the Hon'ble Member for Pazhanji.

We have to realise first that it is an elementary right of man to sell his goods wherever he likes. It has descended from the old Roman Law. Inroads have been made from time to time upon that elementary right of man on account of certain considerations. Sanitary, financial and other considerations have prevailed upon Governments to interfere. We are aware of the Regulation I of 1110 whereby the markets where arecanuts specially 'പച്ചടക്ക' were brought and sold, were declared as markets requiring licenses from the Government. Subsequently by notification dated 17th Mithunam 1113 Government extended some of the sections of the Municipal Act to Villages and it became necessary to take licenses for markets in the Villages. These markets at Pazhanji and many other places in the Talappilly Taluk and to some extent in the Trichur Taluk are working under the provisions of the notification under the Municipal Act.

Coming to the substantial question raised here whether Government should take up these markets themselves and run them, I may say at the very outset that 'markets' is only a conception. In Pazhanji especially these things are held either in the godowns or pandals put up by the merchants or rather the owners of those pandals. In fact there is nothing structural there which can be called markets. The Hon'ble Member for Kunnamkulam has made it clear why it is that people resort to these markets. I remember the instance of auctioning vegetables at Trichur and their going for very low prices. An attempt was made by some benevolent gentlemen to put a stop to that practice, yet even now that practice continues. What the Hon'ble Member for

LIBRARY ARCHIVES Kerala Legislative Assembly

[Mr. C. A. Ouseph]

Pazhanji demands is that markets should be established. But who are the persons who will go there? Does the Member want to legislate that this pachadakka or green betel nut should be sold only in the markets and a prohibition should be issued—against their sales in other places? That is certainly a violent inroad into the right of a man to sell whatever is produced in his own farm at the place where he likes. The cure really is to put a stop to the malpractices that are said to prevail. The further putting up of markets at other places in the Talapilly Taluk is a proposition which would involve a large expenditure initially without really knowing what the corresponding income would be. We will have to keep a large number of officers. The reply may be made that you can auction these places and then we will get a large income. As Minister for Public Health I had to come into very close contact with certain Government markets sold in auction. The cry that is raised every day in regard to those markets would certainly make one think whether these markets cannot be abolished for ever. The rules are very defective. Unless by legislation power is given to Government to cancel the contracts that have been entered into, it is impossible to control the malpractices that are going on in the markets. The agreement provides that for a proved offence—not an offence in the Penal Code sense of the term—for an act violating the notification—and these notifications are generally absent in the market—he can be fined Rs. 10. The Government will have to spend atleast Rs. 100 to prove a case. That is the present position. So that unless the law is amended and very vide powers are given to Government to cancel the licenses—not exactly to cancel the license but the contract entered into—and realise damages from the persons who have bid, it is a very difficult thing to stop these malpractices. I have given my thought to this and I have made some efforts in that direction and I have to admit to this House that I do not find a way out as the law now stands. Under these circumstances I would not advise the opening of new markets for this which involves prohibition of the sale of this article by the poor cultivators, or those who have purchased, as the Member for Kunnamkulam said, from the cultivators at a particular place and not elsewhere. That may impede the trade itself. But the malpractices must stop. We have to find out what are the malpractices and then the remedy, as the Member for Kunnamkulam has suggested, lies to a very great extent in Co-operative Societies and effecting the sales through the societies and their Unions. That will be real remedy.

Then with regard to the other remedies it is possible to contrive some remedies and even put a stop to malpractices in the markets that are now licensed by making the rules very strict so that on proved offences or proved defaults the Government have the remedy of cancellation of the licenses. Those things have to be provided and I hope the Member for Pazhanji will be satisfied with this explanation and will not press the motion to a division. The Government are anxious to help the poor cultivators. The Government know that the cultivators have to sell their stocks somewhere and Government are also aware that the circumstances which weigh against the poor cultivators are too many and all possible help should be rendered to them. But as I have pointed out Governmnet are trying to get over those difficulties and through the co-operative societies and unions we will be able to find a solution to the malpractices which are said to exist.

Mr. C. V. Iyyu (*Kunnamkulam*): I would suggest that the Hon'ble Minister, the Director of Public Health and also some of the three Ministers make surprise inspections of these markets and find out whether there are mistakes and if so remedy them.

Mr. C. A. Ouseph (*Minister for Education and Public Health*): Surprise inspections have been made in many markets by me and the experience that I have gained is not very encouraging because when I read the rules I found that they are defective. The surprise inspections to be useful must be supported by very very stringent rules. With stringent rules, even without inspections, these matters will cure themselves.

മിസ്റ്റർ കെ. ഐ. വേലായുധൻ: സർ, കച്ചവടക്കാർ വളരെയധികം വർദ്ധിക്കുന്നതു കൊണ്ടു് ഉല്പന്നങ്ങൾ കൊണ്ടുവരുന്ന കൃഷിക്കാർക്കു് അതിനു ന്യായമായ വില കിട്ടാൻ സാധിക്കുമെന്നു് ബഹുമാനപ്പെട്ട കുന്നംകുളം മെമ്പർ പറഞ്ഞതു് പച്ചടക്കയെ സംബന്ധിച്ചിടത്തോളം ബാധിക്കുമെന്നു് എനിക്കു തോന്നുന്നില്ല. പച്ചടക്ക തൊണ്ടു കളഞ്ഞു രണ്ടു മണിക്കൂറിനകത്തു വില്പന നടത്തിയില്ലെങ്കിൽ അതിന്റെ വില താഴ്ന്നുപോകും. കാരണം അതിന്റെ നിറം മാറി കഴിഞ്ഞാൽ അതിനു ശരിയായ വില കിട്ടുകയില്ല. ഉദ്ദേശിച്ച ഗുണവും ഉണ്ടായിരിക്കുകയില്ല. തൊണ്ടു കളഞ്ഞ ഉടനെ ചന്തയിൽ കൊണ്ടുപോയി വില്ക്കണം. പച്ചടക്കയുടെ ക്രയവിക്രയകാര്യത്തിൽ പഴഞ്ഞി അങ്ങാടിയിൽതന്നെ വലിയ അക്രമവും അനീതിയും നടക്കുന്നുണ്ടു്. പച്ചടക്ക ചന്തയിൽ കൊണ്ടുചെല്ലുമ്പോൾ അതു വാങ്ങിക്കാ

LIBRARY ARCHIVES Kerala Legislative Assembly

നള്ള കച്ചവടക്കാർ കൂടുകയാണെങ്കിൽ ഒരുപക്ഷെ നല്ല വില കിട്ടുമായിരിക്കാം. എന്നാൽ കച്ചവടക്കാർ കുറവാണെന്ന വരികിൽ അതിന്ന അന്യായമായ വില കിട്ടുകയും ഇല്ല. ഇതു ധനതത്വശാസ്ത്രത്തിന്റെ ഒരു വകഭേദം മാത്രമാണ്. വേറെ ചന്ത അന്വേഷിച്ചു പോകാനുള്ള സൌകര്യം കിട്ടുകയില്ല. അതുകാരണം അവക്ക് ഉദ്ദേശിച്ചവില കിട്ടുവാൻ പ്രയാസമാണ്. അടക്കവ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിന്നുവേണ്ടി ഒരു കൊ-ഓപ്പറേറിവ് സൊസൈറ്റി ഏർപ്പെടുത്തുന്നതു നന്നായിരിക്കും. ഗവർമ്മെണ്ട് ഈ കാര്യത്തെപ്പറ്റി അന്വേഷിക്കാം എന്നു പറയുന്നതു് ഉപകാരപ്രദമാണ്. അതിനോട് ഞാൻ യോജിച്ചുകൊണ്ടു എന്റെ ഈ ഉപക്ഷേപം പിൻവലിച്ചുകൊള്ളുന്നു.

Motion, by leave, withdrawn.

Demand under 10—Excise, put and carried.

II. 7.—Excise, Cranganur.

Mr. P. Govinda Menon (*Minister for Finance and Law*): Sir, I move that Government be given a grant of Rs. 5,520 under '7 Excise, Cranganur.'

Mr. E. Ikkanda Warriar (*Prime Minister*): I second it.

Demand put and carried.

III. 20—Law and Justice

Mr. P. Govinda Menon (*Minister for Finance and Law*): Sir, I move that Government be given a grant of Rs. 3,67,654 under '20 Law and Justice' State.—

Mr. E. Ikkanda Warriar (*Prime Minister*): I second it.

Mr. President: There are cut motions under this and we are allotting one hour for this.

CUT MOTION No. 1

മിസ്റ്റർ എ. എം. തോമസ്സ്: സർ, ഞാൻ അവതരിപ്പിക്കുന്ന ഉപക്ഷേപം ഇതാണ്.

To reduce the allotment of Rs. 14,873 for B. Civil Justice Establishment in Demand No. 20 by—Re. 1. (To bring to the notice of the Government itnordinate delay in publication of the Cochin Law Reports and to request the Government to take suitable measures to avoid the said delay.)

സർ, ഈ സംഗതി ഗവർമ്മെണ്ടിന്റെ ദൃഷ്ടിയിൽപ്പെടുത്തുന്നതിന്ന പ്രത്യേകിച്ചു അഭിഭാഷക ദ്രോഹപക്ഷമുള്ള ഇന്നത്തെ മന്ത്രിസഭ നിലവിലുള്ളപ്പോൾ ഒരു വലിയ പ്രസംഗം ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ബ്രിട്ടീഷ് മേധാവിത്വത്തിൽനിന്നു നമുക്കു കിട്ടിട്ടുള്ള ഏറ്റവും വലിയ അനുഗ്രഹമാണ് ഇന്നത്തെ സിസ്റ്റം "ജൂഡീഷ്യൽ". ഇംഗ്ലീഷ് ജൂഡീഷ്യറിയെ അനുകരിച്ചു, ഇവിടത്തെ ജൂഡീഷ്യറി നടത്തിക്കൊണ്ടുപോകുന്നതിന്ന ലോ റിപ്പോർട്ടുകൾ അത്യന്താപേക്ഷിതമാണ്. ഈ റിപ്പോർട്ടുകൾ പൊതുജനങ്ങളുടെ അറിവിന്നായി തക്ക സമയത്തു എത്തിച്ചുകൊടുക്കുക എന്നുള്ളതു ഗവർമ്മെണ്ടിന്റെ പ്രാഥമികധർമ്മം മാത്രമാണ്. എന്നാൽ നമ്മുടെ ഗവർമ്മെണ്ടിനെ സംബന്ധിച്ചിടത്തോളം ഈ കാര്യത്തിൽ കേവലം അനാസ്ഥയാണ് പ്രകടിപ്പിച്ചു വന്നിട്ടുള്ളതു് എന്നുള്ളതു വ്യസനസമേതം പറയാതെ നിവർത്തിയില്ല. Cochin Law Reports ൧൯൨൭ മുതൽ പബ്ലിഷ് ചെയ്തുതുടങ്ങി. ൧൯൨൦ വരെ അതു നാലു മാസം കൂടുമ്പോൾ ആയിരുന്ന പ്രസിദ്ധപ്പെടുത്തിയിരുന്നതു്. ൧൯൨൦ മുതൽ അതു മാസാന്തരം പബ്ലിഷ് ചെയ്യണമെന്നാക്കിട്ടുണ്ട്. ൧൯൨൯ വരെ നിലനിന്നിരുന്ന subscription രൂപ ആയിരുന്നതു ൧൯൩൪ മുതൽ ൨൦ രൂപ ആക്കീട്ടുണ്ട്. അതിന്റെ subscription കൂട്ടിട്ടു അതു വേണ്ട സമയത്തു പബ്ലിഷ് ചെയ്യുന്നില്ല എങ്കിൽ അതിൽ ഞങ്ങൾക്കു പ്രതിഷേധമുണ്ട്. ലെജിസ്ലേഷൻ നാൾക്കുനാൾ വർദ്ധിച്ചുവരുന്ന ഈ കാലത്തു Law Reports കൃത്യസമയത്തിന്ന പബ്ലിഷ് ചെയ്യേണ്ടതു് അത്യന്താപേക്ഷിതമാണ്. അതുകൊണ്ടു് ഈ സംഗതി ഗവർമ്മെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവരാതെ നിവർത്തിയില്ല. ൧൯൨൬ കർക്കടകമാസത്തെ ഇഷ്യു ഈ മാസം ആദ്യമാണ് കിട്ടിയിരിക്കുന്നതു്. ൧൯൨൯ കുംഭമാസത്തെ ഇഷ്യു കഴിഞ്ഞ കന്നിമാസം ൧൫-ാംതീ- ആണ കിട്ടിയതു. ഇന്നത്തെ പത്രം നാളത്തെ തിയ്യതിവെച്ചു അടിച്ചുവിടുന്ന ഈ കാലത്തു Law report-കൾ ഇത്രയും വൈകി കിട്ടുന്നതു ഏറ്റവും ശോചനീയമായിട്ടുള്ളതാണ്. ബഹുമാനപ്പെട്ട ഹൈക്കോടതി ൧൯൨൯-ൽ പുറപ്പെടുവിച്ചിട്ടുള്ളതും ഗസറ്റിൽ പരസ്യം ചെയ്തിട്ടുള്ളതുമായ രൂളുകൾ അനുസരിച്ചാണ് Law Reporting നടത്തിവരേണ്ടതു്. ടി രൂളുകളിൽ ൪-ം, ൫-ം രൂളുകൾ താഴെ ഉദ്ധരിക്കുന്നു.

Rule 5.—Judgments of one month should be publishd within eight weeks of their pronouncement within two weeks of the date of receipt by the Law Reporter of the last judgment after approval by the Judges manuscript of the part should be sent to the press and within one

LIBRARY ARCHIVES Kerala Legislative Assembly